(സി) കേരള സർക്കാരിന്റെ എൽ.എ. റൂൾ 1990 നിലവിലുണ്ടോ ; എങ്കിൽ പുതിയ റൂൾ ആവശ്യമുണ്ടോ ; എങ്കിൽ പുതിയ റൂൾ എന്ന് നിയമമാക്കും വ്യക്തമാക്കാമോ ;

Page 1 of 2

(ഡി) നിലവിൽ എൽ.എ. നടപടിക്രമം പൂർത്തിയാകാത്ത സർക്കാർ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ തടസ്സമുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഈ നിയമത്തിന് 1-1-2014 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഈ ആക്ട് കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) 1-1-2014 മുതൽ പുതിയ നിയമം നിലവിൽ വന്നതിനാൽ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഇതുവരെ പൂർത്തിയാകാത്ത ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടത്.

(സി) കേരള സർക്കാരിന്റെ എൽ.എ. റൂൾ 1990 നിലവിലില്ല. പുതിയ റൂൾ ആവശ്യമുണ്ട്. പുതുതായി നിലവിൽവന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ പുതിയ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തടസ്സമുണ്ട്. നിലവിലുള്ള എൽ.എ. ആക്ട് കാലഹരണപ്പെട്ട സാഹചര്യത്തിൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും നൽകി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.

നെൽവയൽ-തണ്ണീർത്തടം നികത്തൽ തടയുന്നതിന് നിയമം

134 (2995) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയൽ-തണ്ണീർത്തടം, കുളങ്ങൾ, ചതുപ്പുനിലങ്ങൾ ഇവ നികത്തുന്നത് തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) അവശ്യസന്ദർഭങ്ങളിൽ ഇവയിൽ ഇളവ് അനുവദിക്കാറുണ്ടോ ; എങ്കിൽ ആയതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് ഇത്തരം സ്ഥലങ്ങൾ നികത്തിയവർക്കെതിരെ പ്രസ്തുത നിയമം വന്നതിനുശേഷം നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) നെൽവയൽ-തണ്ണീർത്തടം, കുളങ്ങൾ, ചതുപ്പുനിലങ്ങൾ ഇവ നികത്തുന്നത് തടയുന്നതിനായി 2008-ൽ കേരള നെൽവയൽ തണ്ണീത്തട സംരക്ഷണ നിയമം നിലവിൽ വന്നിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീത്തട സംരക്ഷണ നിയമപ്രകാരം വീട് നിർമ്മിക്കുന്നതിന് മറ്റ് ഭൂമി ഇല്ലാത്തവർക്ക് പ്രാദേശികതല സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഏരിയായിൽ പത്ത് സെന്റും, മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയായിൽ അഞ്ച് സെന്റും നികത്തുന്നതിന് അനുമതി നൽകുവാൻ വ്യവസ്ഥയുണ്ട്. നിലം പരിവർത്തന പ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിത മാണെങ്കിൽ, നിയമത്തിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്.

എന്നാൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്യുകയും സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ ചേർന്നു കിടക്കുന്ന നെൽവയലിലെ നെൽകൃഷിയെയോ ആ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയെയോ ദോഷകരമായി ബാധിക്കുകയില്ലെന്നും സർക്കാരിന് ബോധ്യപ്പെടുകയും ചെയ്താലല്ലാതെ യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാൻ പാടുള്ളതല്ല.

[സെക്ഷൻ 10 (2)].

(സി) 2008-ലെ കേരള നെൽവയർ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ് നെൽവയലുകളും തണ്ണീർത്തടങ്ങളും അനുവാദം കൂടാതെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹച ര്യങ്ങളിൽ കേരള ഭൂവിനിയോഗ ഉത്തരവ് 1967-ന്റെ അടിസ്ഥാനത്തിൽ നടപടി കൾ സ്വീകരിച്ചുവന്നിരുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന തീയതി മുതലേ ടി നിയമത്തിന് പ്രാബല്യമുള്ളൂ എന്നതിനാൽ ഇതുപ്രകാരം മുൻ നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

ഭൂപതിവ് നിയമഭേദഗതി ഓർഡിനൻസ് പുതുക്കുന്നതിന് നടപടി

135 (2996) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോരമേഖലയിലെ പതിനായിരക്കണക്കിനാളുകളുടെ ഉപാധി രഹിതപട്ടയപ്രശ്നത്തിൽ മുൻസർക്കാർ കൊണ്ടുവന്ന ഭൂപതിവ് നിയമഭേദഗതി വരുത്തിക്കൊണ്ടുള്ള ഓർഡിനൻസും അതേത്തുടർന്നുള്ള നടപടികളും പിന്നീട് പിന്തുടരുകയുണ്ടായോ ;

(ബി) ഇല്ലെങ്കിൽ, കാരണമെന്തായിരുന്നു ; പ്രസ്തുത ഓർഡിനൻസ് ലാപ്സായത് എന്നായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly